LIBRARY ARCHIVES Kerala Legislative Assembly

## തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

*10 [310] ശ്രീ. സി. കെ. സദാശിവൻ:
ശ്രീമതി ജെ. അരുന്ധതി:
ശ്രീ. കെ. സി. രാജഗോപാലൻ:
,, വി. എൻ. വാസവൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീ രാജ് നിയമം നിലവിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പിലെ ഏതെല്ലാം പദ്ധതികളും സ്ഥാപനങ്ങളുമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയത്;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് മൃസംരക്ഷണവകുപ്പ് വിലയിരുത്താറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും മൃഗസംരക്ഷണ വകുപ്പ് നൽകുന്നുണ്ടോ;

(ഡി) ഡോക്ടർമാരുടെ തുടർ പരിശീലനത്തിന് മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) താഴെപ്പറയുന്ന പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്:

എ. കന്നുകാലി പ്രജനനവും കന്നുകാലികളുടെ പൊതുസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തൽ.

ബി. ക്ഷീരവികസനം പ്രോത്സാഹിപ്പിക്കൽ.

സി. കോഴിവളർത്തൽ, പന്നി വളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തൽ.

ഡി. പുൽമേടുകളുടെ വികസനം.

ഇ. കന്നുകാലി പ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും നടത്തുക.

എഫ്. മൃഗങ്ങളോടുള്ള ക്രൂരത തടയുക.

ജി. കൃത്രിമ ഗർഭോൽപാദന സൗകര്യങ്ങൾ ഏർപ്പാടാക്കുക.

എച്ച്. മൃഗങ്ങളുടെ പൊതുവായ ആരോഗ്യ സംരക്ഷണം.

ഐ. മൃഗചികിത്സ ഉൾപ്പെടെ മൃഗസംരക്ഷണം.

ജെ. മൃഗങ്ങളുടെ രോഗങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കൽ.

കെ. കന്നുകാലി പൗണ്ടുകൾ സ്ഥാപിക്കുക.

എൽ. സർക്കാർ വിട്ടുകൊടുത്ത വെറ്ററിനറി ഡിസ്പെൻസറികളുടെയും മൃഗാശുപത്രികളുടെയും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ലബോറട്ടറികളുടെയും നടത്തിപ്പ്.

എം. കന്നുകാലി തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക.

എൻ. ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

ഒ. ബ്രീഡിംഗ് ഫാമുകൾ നടത്തുകയും മെച്ചപ്പെട്ട ഇനത്തിലുള്ള മൃഗങ്ങളേയും കോഴികളേയും വിതരണം ചെയ്യുക.

പി. ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളുടെ നടത്തിപ്പ്.

വകുപ്പിന്റെ സ്ഥാപനങ്ങൾ കൈമാറിയ വിവരങ്ങൾ:

എ. ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾ:

1. ജില്ലാ വെറ്ററിനറി സെന്റർ.
2. റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ.
3. സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം.
4. മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ.
5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഒഴികെയുള്ള വകുപ്പിലെ ഇതര കന്നുകാലി ഫാമുകൾ.
6. കുടപ്പനക്കുന്ന്, കുരീപ്പുഴ, സെൻട്രൽ ഹാച്ചറി, മുണ്ടയാട്, മലമ്പുഴ എന്നിവിടങ്ങളിലെ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഒഴികെയുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾ (കോലാനി, കൂവപ്പടി, ആതവനാട്, ചാത്തമംഗലം, മണർക്കാട്).
7. കൊമേരി, അട്ടപ്പാടി എന്നിവിടങ്ങളിലെ ആടു വളർത്തൽ കേന്ദ്രങ്ങൾ .
8. പാറശ്ശാല, കോലാനി, അങ്കമാലി, കുന്നംകുളം എന്നിവിടങ്ങളിലെ പന്നി വളർത്തൽ കേന്ദ്രങ്ങൾ.

ബി. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ:

മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തിയിലുള്ള സ്ഥാപനങ്ങൾ

1. വെറ്ററിനറി പോളി ക്ലിനിക് .
2. വെറ്ററിനറി ഹോസ്പിറ്റൽ.

LIBRARY ARCHIVES Kerala Legislative Assembly

3. വെറ്ററിനറി ഡിസ്പെൻസറി.

4. ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങൾ.

സി. ബ്ലോക്ക് പഞ്ചായത്ത്:-ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള വെറ്ററിനറി പോളി ക്ലിനിക്കുകളുടെ അധികാരവും ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഫണ്ടിന്റെ വിശദവിവരവും അതാത് ജില്ലാ ആഫീസർമാർ വിളിച്ചുകൂട്ടുന്ന പ്രതിമാസ മീറ്റിംഗിൽ അവലോകനം ചെയ്യു കയും അത് മൃഗസംരക്ഷണ വകുപ്പ് അവലോകനം ചെയ്യാറുണ്ട്.

(സി) ഉണ്ട്.

(ഡി) മൃഗസംരക്ഷണ വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ മണ്ണുത്തി കാർഷിക സർവ്വകലാശാല, സംസ്ഥാനത്തിന് പുറത്തുള്ള സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പരിശീലനത്തിന് അയച്ചുവരുന്നുണ്ട്.

## ഓണക്കാലത്തെ വിലക്കയറ്റം തടയുന്നതിന് നടപടി

*11 [311] ശ്രീ. എം. ഹംസ:
,, എം. ജെ. ജേക്കബ്:
,, ടി. പി. കുഞ്ഞുണ്ണി:
ശ്രീമതി കെ. കെ. ലതിക:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള വിലക്കയറ്റം മുന്നിൽ കണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓണം പ്രമാണിച്ച് സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം വർദ്ധിപ്പിച്ചു നൽകു ന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

(സി) റേഷൻ കടകളിലൂടെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പഞ്ചസാര വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തിന് മെച്ചപ്പെട്ട അരിയും ഗോതമ്പും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) ഉത്സവ സീസണിലുണ്ടായേക്കാവുന്ന വിലവർദ്ധന കണക്കിലെടുത്ത് മാർക്കറ്റ് ഇടപെടൽ ശക്തിപ്പെടുത്താനും, പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ മിതമായ

LIBRARY ARCHIVES Kerala Legislative Assembly